**"ഭരണഭാഷ- മാതൃഭാഷ"**

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി- 2021 - 22- - കൊല്ലം, ഇരവിപുരം നിയോജക മണ്ഡലം- മുഖത്തല ബ്ലോക്ക് പഞ്ചായത്ത്- മയ്യനാട് ഗ്രാമപഞ്ചായത്ത് **"ശാരദവിലാസിനി - ഉമയനല്ലൂർ ക്ഷേത്രം ജംഗ്ഷൻ** - BM & BC **റോഡ്"** എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.390/2026/LSGD തീയതി,തിരുവനന്തപുരം, 15-02-2026

---

പരാമർശം:-

1. 02.03.2024-ലെ സ.ഉ.(സാധാ.)നം.515/2024/ത.സ്വ.ഭ.വ.
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.07.2025-ലെ LSGD/PD/17635/2025-DB3-നമ്പർ കത്ത്.

ഉത്തരവ്

2021 - 22- ലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ക്രമനമ്പർ 1230 ആയി 150 ലക്ഷം രൂപ അടങ്കലായും 100 രൂപ മാത്രം വകയിരുത്തിയും ഉൾപ്പെടുത്തിയിരിക്കുന്ന കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിലെ മയ്യനാട് ഗ്രാമപഞ്ചായത്തിലെ **"ശാരദവിലാസിനി ജംഗ്ഷൻ - ഉമയനല്ലൂർ ക്ഷേത്രം ജംഗ്ഷൻ റോഡ് BM & BC റോഡ്"** എന്ന പ്രവൃത്തിക്ക് 329 ലക്ഷം രൂപയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) തുടർന്ന് ടി ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും ആയത് പ്രകാരം ടെണ്ടർ ക്ഷണിച്ചപ്പോൾ കരാറുകാർ ആരും തന്നെ പങ്കെടുക്കാത്തതിനാൽ റീ ടെണ്ടർ ക്ഷണിക്കുകയും ശ്രീ.പ്രദീപ്കുമാർ എൻ.റ്റി. എന്ന കരാറുകാരൻ 9.99% ഉയർന്ന നിരക്ക് രേഖപ്പെടുത്തുകയും, ടി നിരക്ക് അംഗീകരിച്ചിട്ടുണ്ടെന്നും, 3,06,65,351/- രൂപയ്ക്കാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളതെന്നും, ആയതിനോടൊപ്പം 18% GST കൂടി ഉൾപ്പെടുത്തുമ്പോൾ 3,61,85,114/രൂപ വേണ്ടി വരുമെന്നും ആയതിനാൽ ഭരണാനുമതി തുകയിൽ അധികരിച്ച 32,85,114/- രൂപ കൂടി ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർഥിക്കുകയുണ്ടായി.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. DSoR 2018 പ്രകാരം തയ്യാറാക്കിയതും, പരാമർശം (1) പ്രകാരം, 329 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുമായ **'മയ്യനാട് പഞ്ചായത്ത്-ശാരദവിലാസിനി ജംഗ്ഷൻ - ഉമയനല്ലൂർ ക്ഷേത്രം ജംഗ്ഷൻ റോഡ് ബിഎം ആൻഡ് ബിസി'**- എന്ന ടി പ്രവൃത്തി റീ ടെണ്ടർ ക്ഷണിച്ച് ശ്രീ പ്രദീപ്കുമാർ.എൻ.റ്റി. എന്ന പ്രവൃത്തിയ്ക്ക് കരാറുകാരൻ 9.99% ഉയർന്ന നിരക്ക് അംഗീകരിച്ചിട്ടുള്ളത് നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായാണെന്ന് ചീഫ് എഞ്ചിനീയർ ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായും, ഉയർന്ന നിരക്ക് അംഗീകരിക്കുന്നതിന് മുൻപ് ചീഫ് എഞ്ചിനീയർ ഇക്കാര്യത്തിനായി സർക്കാരിൽ നിന്നും അധിക തുകയ്ക്കുള്ള സാമ്പത്തികാനുമതി ലഭ്യമാക്കേണ്ടതായിരുന്നെന്ന് രേഖപ്പെടുത്തലോടെ, 'മയ്യനാട് പഞ്ചായത്ത്-**ശാരദവിലാസിനി ജംഗ്ഷൻ ഉമയനല്ലൂർ ക്ഷേത്രം**

**ജംഗ്ഷൻ റോഡ് ബിഎം ആൻഡ് ബിസി'**- എന്ന പ്രവൃത്തിക്ക് അധികമായി ആവശ്യമായി വരുന്ന **32,85,144/- രൂപ കൂടി ഉൾപ്പെടുത്തി ടി പ്രവൃത്തിക്ക് 3,61,85,114/- രൂപയുടെ (മൂന്നു കോടി അറുപത്തിയൊന്നു ലക്ഷത്തി എൺപത്തയ്യായിരത്തി നൂറ്റിപതിനാല് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി** നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **4515-00-800-92(NP)**-എന്ന ശീർഷകത്തിൽ അഡിഷണൽ പ്രൊവിഷൻ അനുവദിച്ചിരിക്കുന്ന തുകയിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്. (E:2567607/DEV-3/159/2023-Fin dated 02.02.2026) (AS/LGD/25/48512)
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
6. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
7. 

കരുതൽ ഫയൽ. (DB2/723/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 17-02-2026 13:50:22